പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3877

21-10-2016 ൽ മറുപടിക്ക്

## കാർഷിക കർമ്മസേനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് കാർഷിക മേഖലയിൽ എത്ര കാർഷിക കർമ്മസേനകൾ പ്രവർത്തിച്ചുവന്നിട്ടുണ്ട് എന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) 200 കാർഷിക കർമ്മസേനകൾ മുൻസർക്കാരിന്റെ കാലത്ത് രൂപീകരിച്ചുവെങ്കിലും ഇവയിൽ 100 കർമ്മസേനകൾക്ക് മാത്രമാണ് പ്രവർത്തിക്കാനാവശ്യമായ യന്ത്രോപകരണങ്ങൾ ആർ.കെ.വി.വൈ പദ്ധതി വഴി നൽകിയത്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 12<br>കൊല്ലം - 4<br>പത്തനംതിട്ട - 8<br>ആലപ്പുഴ - 6<br>കോട്ടയം - 4<br>ഇടുക്കി - 6<br>എറണാകുളം - 8<br>തൃശ്ശൂർ - 6<br>പാലക്കാട് - 6<br>മലപ്പുറം - 6<br>കോഴിക്കോട് - 6<br>വയനാട് - 5<br>കണ്ണൂർ - 18<br>കാസർഗോഡ് - 5<br>-----<br>**ആകെ** **100** |
| ബി) കൃഷിഭവനുകൾ വഴിയാണോ ഇവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തുക ചെലവഴിച്ചിട്ടുള്ളത്; | (ബി) കൃഷി ഭവൻ വഴിയും കൃഷി വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വഴിയുമാണ് കാർഷിക കർമ്മസേനകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട തുക ചെലവഴിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) എന്തെല്ലാം പ്രവർത്തനങ്ങൾ കാർഷിക കർമ്മസേനയെ ഉപയോഗപ്പെടുത്തി കാർഷിക മേഖലയിൽ നടത്തിയിട്ടുണ്ടെന്നുള്ള വിവരം വിശദമാക്കുമോ; | (സി) കാർഷിക കർമ്മസേനകൾക്ക് നൽകിയിട്ടുള്ള പരിശീലനവും യന്ത്രോപകരണങ്ങളും ഉപയോഗപ്പെടുത്തി ഓരോ പഞ്ചായത്തിലെയും കാർഷിക മേഖലയിൽ ആവശ്യമായ വിവിധ കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലമൊരുക്കൽ, വിത്ത് വിതയ്ക്കൽ, കളനിയന്ത്രണം,വിളവെടുപ്പ്, ഗ്രോബാഗ് തയ്യാറാക്കി നൽകൽ, തടംതുറക്കൽ, തേങ്ങ, അടയ്ക്ക എന്നിവ വിളവെടുക്കൽ, പാഴ്മരം മുറിക്കുന്നത്, തരിശുനിലം കൃഷിയോഗ്യമാക്കൽ, കീടരോഗ നിയന്ത്രണം തുടങ്ങി കാർഷിക മേഖലയിലെ എല്ലാ പ്രവർത്തനങ്ങളും കാർഷിക കർമ്മസേനകൾ നടത്തിവരുന്നു. ചില പഞ്ചായത്തുകളിൽ ഇക്കോ ഷോപ്പുകൾ, പച്ചക്കറി ചന്ത, എഗ്ഗ് അമിനോ ആസിഡ് ഉത്പാദനം തുടങ്ങി നൂതനമായ പ്രവർത്തനങ്ങളും ചെയ്തുവരുന്നു. |
| (ഡി) കാർഷിക കർമ്മസേനയുടെ പ്രവർത്തനത്തിനായി എത്ര തുക ഏതെല്ലാമിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ കൃഷിഭവനുകളുടെ വിവരം സഹിതം ലഭ്യമാക്കുമോ? | (ഡി) 2014-15 വർഷത്തിൽ രജിസ്ട്രേഷൻ ചെലവുകൾക്ക് ഒരു കർമ്മസേനയ്ക്ക് 45000/- രൂപ പ്രകാരം 200 കർമ്മസേനകൾക്ക് 90 ലക്ഷം രൂപ അനുവദിച്ചു. യന്ത്രോപകരണങ്ങൾ. യൂണിഫോം എന്നിവയ്ക്ക് 10 ലക്ഷം രൂപ വീതം 100 കർമ്മസേനകൾക്കായി 10 കോടി രൂപ അനുവദിച്ചു. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളുടെ പട്ടിക

| ക്രമ നം. | ജില്ലയുടെ പേര് | കാർഷിക കർമ്മ സേനകളുടെ എണ്ണം | രജിസ്ട്രേഷൻ ചെലവുകൾക്ക് നൽകിയ തുക | യന്ത്രങ്ങൾ നൽകിയ കർമ്മസേനകളുടെ എണ്ണം | യന്ത്രങ്ങൾക്കും യൂണിഫോം ചെലവുകൾക്കമായി നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 16 | 720000 | 12 | 120 |
| 2 | കൊല്ലം | 8 | 360000 | 4 | 40 |
| 3 | പത്തനംതിട്ട | 10 | 450000 | 8 | 80 |
| 4 | ആലപ്പുഴ | 16 | 720000 | 6 | 60 |
| 5 | കോട്ടയം | 14 | 630000 | 4 | 40 |
| 6 | ഇടുക്കി | 10 | 450000 | 6 | 60 |
| 7 | എറണാകുളം | 17 | 765000 | 8 | 80 |
| 8 | തൃശ്ശൂർ | 19 | 855000 | 6 | 60 |
| 9 | പാലക്കാട് | 20 | 900000 | 6 | 60 |
| 10 | മലപ്പുറം | 19 | 855000 | 6 | 60 |
| 11 | കോഴിക്കോട് | 14 | 630000 | 6 | 60 |
| 12 | വയനാട് | 5 | 225000 | 5 | 50 |
| 13 | കണ്ണൂർ | 25 | 1125000 | 18 | 180 |
| 14 | കാസർഗോഡ് | 7 | 315000 | 5 | 50 |
| | **ആകെ** | **200** | **9000000** | **100** | **1000** |

സെക്ഷൻ ഓഫീസർ